"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 3 ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.191/2026/CLAD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. സഉ(പി)നം.28/2016/ധന, തീയതി, 26.02.2016
2. സഉ(പി)നം.56/2017/ധന, തീയതി, 28.04.2017
3. സഉ(പി)നം.112/2018/ധന, തീയതി, 21.07.2018
4. സഉ(പി)നം.81/2019/ധന, തീയതി, 09.07.2019
5. സഉ(പി)നം.29/2021/ധന, തീയതി, 11.02.2021
6. സ.ഉ.(സാധാ)നം.205/2025/സാംകാവ തീയതി, 31.03.2025
7. സ.ഉ(അച്ചടി)നം. 54/2025/ധന തീയതി, 19.04.2025
8. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 18.10.2025-ലെ 1484/ഇ3/2025/എസ്ഐഇപി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ കരാർ അടിസ്ഥാനത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീ. പ്രത്യുഷചന്ദ്രൻ എം., ശ്രീമതി. കെ. എൻ. ലിൻസ, ശ്രീമതി. ബി. ആർ. ശുഭ എന്നിവരുടെ കരാർ നിയമന കാലാവധി 18.12.2025-ൽ അവസാനിക്കുന്നതിനാൽ കരാർ കാലാവധി ഒരു വർഷത്തേക്കോ പി.എസ്.സി നിയമനം നടത്തുന്നതു വരെയ്ക്കോ ഏതാണോ ആദ്യം അതു വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (8) പ്രകാരം കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ കരാർ അടിസ്ഥാനത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീ. പ്രത്യുഷചന്ദ്രൻ എം., ശ്രീമതി. കെ. എൻ. ലിൻസ, ശ്രീമതി. ബി.ആർ. ശുഭ എന്നിവരുടെ കരാർ നിയമന കാലാവധി 18.12.2025-ൽ അവസാനിക്കുന്നതിനാൽ ദിവസവേതന/ കരാർ ദിവസവേതനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനകാര്യ

വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള പരാമർശ ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, 19.12.2025-ൽ ഒരു ദിവസത്തെ ബ്രേക്ക് നല്കി തൊട്ടടുത്ത പ്രവൃത്തി ദിനമായ 20.12.2025 മുതൽ 19.12.2026 വരെ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേല്പറഞ്ഞ മൂന്നു ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പ്രസ്തുത ഉത്തരവിൽ ദീർഘിപ്പിച്ച് നൽകുന്ന കരാർ കാലയളവ് (dd/mm/yy-dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതും കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി,തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 04.02.2026-ലെ 1359753 EDN-C3/289/2019-FIN പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് ( C1/215/2025-CLAD).

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 04-03-2026 18:39:20

പകർപ്പ്:-സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ്. ന്